# സാമൂഹ്യ ശാസ്ത്രം – ക്ലാസ്സ്: 6

## യൂണിറ്റ് 1 – മധ്യ കാല ഇന്ത്യ; അധികാര കേന്ദ്രങ്ങൾ

### വിലയിരുത്താം

**1. അധികാര കേന്ദ്രമായി മാറാൻ ഡൽഹിയെ സഹായിച്ച ഭൂമി ശാസ്ത്ര ഘടകങ്ങൾ എന്തെല്ലാം ?**

ആരവല്ലി പർവ്വതനിരകൾ ഡൽഹിയെ ശത്രുക്കളുടെ ആക്രമണങ്ങളെ തടയാൻ സഹായിച്ചു. ഈ പർവ്വത നിരകൾ കോട്ടകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ കല്ലുകൾ ലഭ്യമാക്കി. നദീതട പ്രദേശമായതിനാൽ ഡൽഹി ഏറെ ഫലഭൂയിഷ്ഠമായിരുന്നു. നദികൾ നൽകുന്ന ജല ലഭ്യതയും യാത്രാ സൗകര്യവും ഏറെ പ്രധാനമായിരുന്നു. ഇക്കാരണങ്ങൾ ഡൽഹിയെ അധികാര കേന്ദ്രമാക്കി.

**2. ഇന്ത്യാ ചരിത്രത്തിലെ സുപ്രധാന യുദ്ധമായിരുന്നു 1526ലെ പാനിപ്പത്ത് യുദ്ധം. സമർത്ഥിക്കുക.**

1526ലെ ഒന്നാം പാനിപ്പത്ത് യുദ്ധത്തോട് കൂടി സുൽത്താന്മാരുടെ ഭരണം അവസാനിക്കുകയും മുഗൾ ഭരണത്തിന് അടിത്തറയിടുകയും ചെയ്തു.

**3. മുഗൾ ഭരണം വിസ്തൃതമാക്കുന്നതിന് അക്ബർ സീകരിച്ച നയം വിശകലനം ചെയ്യുക.**

നിരന്തരമായ യുദ്ധങ്ങളിലൂടെ അക്ബർ മുഗൾ സാമ്രാജ്യത്തിന്റെ അതിരുകൾ വ്യാപിപ്പിച്ചു. സാമ്രാജ്യ വിപുലീകരണത്തിന്നായി അക്ബർ ശക്തമായ ഒരു സൈന്യത്തെ നിർത്തിയിരുന്നു. ഈ ലക്ഷ്യത്തോടെയാണ് അദ്ദേഹം മാൻസബ്ദാരി വ്യവസ്ഥ ആവിഷ്ക്കരിച്ചത്. ഈ സമ്പ്രദായത്തിൽ ഒരോ ഉദ്യാഗസ്ഥനും തങ്ങളുടെ കീഴിൽ ഒരു നിശ്ചിത എണ്ണം സൈനികരെ നിലനിർത്താൻ ബാധ്യസ്ഥനായിരുന്നു.

**4. റെയ്ച്ചൂർ പ്രദേശത്തിന് വേ 1 വിജയ നഗരത്തിലെയും ബാഹ്മിനിയിലെയും ഭരണാധികാരികൾ നിരന്തരം യുദ്ധം ചെയ്തു. ഈ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ റെയ്ച്ചൂർ പ്രദേശത്തിന്റെ പ്രത്യേകതകൾ പരിശോധിക്കുക.**

കൃഷ്ണ, തുംഗബദ്ര എന്നീ നദികൾക്കിടയിൽ കിടക്കുന്ന റെയ്ച്ചൂർ പ്രദേശം ഫലപൂയിഷ്ഠമായിരുന്നു. 'ദക്ഷിണേന്ത്യയിലെ നെല്ലറ' എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. അതിനാൽ ഈ പ്രദേശത്ത് ആധിപത്യം നേടാൻ വിജയ നഗരത്തിലെയും ബാഹ്മിനിയിലെയും ഭരണാധികാരികൾ നിരന്തരം യുദ്ധങ്ങൾ നടത്തി.

**5. മറാത്ത രാജ്യത്തിന്റെ വളർച്ചയെ സഹായിച്ച ഭൂമി ശാസ്ത്ര ഘടകങ്ങൾ എന്തൊക്കെയായിരുന്നു?**

വിന്ധ്യ-സത്പുര പർവ്വതങ്ങളും നർമ്മദ-താപ്തി നദികളും മറാത്ത പ്രദേശത്തെ സമീപ പ്രദേശങ്ങളിൽ നിന്നും വേർതിരിച്ചു. ഇത് മറാത്ത പ്രദേശത്തിന് പ്രകൃതിദത്തമായ സംരക്ഷണം നൽകി. മറാത്ത ഭാഷയും സാഹിത്യവും ജനങ്ങളിൽ ഐക്യബോധം വളർത്തി. മറാത്ത സാമ്രാജ്യത്തിന് ശക്തമായ നാവികസേനയും

കരസേനയും ഉ ായിരുന്നു. പ്രബല രാഷ്ട്രമായി മാറാൻ ഈ പ്രത്യേകതകൾ അവരെ സഹായിച്ചു.

**6. 'എ' വിഭാഗത്തിന് യോജിക്കുന്നവ 'ബി' വിഭാഗത്തിൽ നിന്നും ക ത്തി എഴുതുക.**

| എ | ബി |
|---|---|
| **ഇൽത്തുമിഷ്** | **പാനിപത്ത് യുദ്ധം** |
| **കൃഷ്ണദേവരായർ** | **മൻസബ്ദാരി സമ്പ്രദായം** |
| **മുഹമ്മദ് ബിൻ തുഗ്ലക്ക്** | **ജിതൽ നാണയം** |
| **ബാബർ** | **വിജയ നഗരം** |
| **അക്ബർ** | **തലസ്ഥാന മാറ്റം** |

**ഉത്തരം**

| എ | ബി |
|---|---|
| ഇൽത്തുമിഷ് | ജിതൽ നാണയം |
| കൃഷ്ണദേവരായർ | വിജയ നഗരം |
| മുഹമ്മദ് ബിൻ തുഗ്ലക്ക് | തലസ്ഥാന മാറ്റം |
| ബാബർ | പാനിപത്ത് യുദ്ധം |
| അക്ബർ | മൻസബ്ദാരി സമ്പ്രദായം |

**കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും**

1. ഡൽഹിയുടെ ആദ്യത്തെ പേര്?

ഉത്തരം: ദില്ലിക

2. ഡൽഹി അധികാര കേന്ദ്രമാക്കിയ ആദ്യത്തെ രാജ വംശം ഏതായിരുന്നു?

ഉത്തരം: രജപുത്ര വിഭാഗത്തിൽപ്പെട്ട തൊമര രാജാക്കൻമാർ

3. ഡൽഹി പിടിച്ചെടുത്ത് അധികാരം സ്ഥാപിച്ച ഗോറിലെ ഭരണാധികാരി ആരായിരുന്നു?

ഉത്തരം: മുഹമ്മദ് ഗോറി

4. 1206ൽ കുത്തുബുദ്ദീൻ ഐബക് ഡൽഹി കേന്ദ്രമായി സ്ഥാപിച്ച രാജവംശം ഏതായിരുന്നു?

ഉത്തരം: മംലൂക്ക് വശം (അടിമ വംശം)

5. വിജയനഗര സാമ്രാജ്യം സ്ഥാപിതമായ വർഷം?

ഉത്തരം: 1336

6. വിജയനഗരം സാമ്രാജ്യ സ്ഥാപകൻ?

കരസേനയും ഉ ായിരുന്നു. പ്രബല രാഷ്ട്രമായി മാറാൻ ഈ പ്രത്യേകതകൾ അവരെ സഹായിച്ചു.

**6. 'എ' വിഭാഗത്തിന് യോജിക്കുന്നവ 'ബി' വിഭാഗത്തിൽ നിന്നും ക ത്തി എഴുതുക.**

| എ | ബി |
|---|---|
| **ഇൽത്തുമിഷ്** | **പാനിപത്ത് യുദ്ധം** |
| **കൃഷ്ണദേവരായർ** | **മൻസബ്ദാരി സമ്പ്രദായം** |
| **മുഹമ്മദ് ബിൻ തുഗ്ലക്ക്** | **ജിതൽ നാണയം** |
| **ബാബർ** | **വിജയ നഗരം** |
| **അക്ബർ** | **തലസ്ഥാന മാറ്റം** |

**ഉത്തരം**

| എ | ബി |
|---|---|
| ഇൽത്തുമിഷ് | ജിതൽ നാണയം |
| കൃഷ്ണദേവരായർ | വിജയ നഗരം |
| മുഹമ്മദ് ബിൻ തുഗ്ലക്ക് | തലസ്ഥാന മാറ്റം |
| ബാബർ | പാനിപത്ത് യുദ്ധം |
| അക്ബർ | മൻസബ്ദാരി സമ്പ്രദായം |

## കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും

1. ഡൽഹിയുടെ ആദ്യത്തെ പേര്?

ഉത്തരം: ദില്ലിക

2. ഡൽഹി അധികാര കേന്ദ്രമാക്കിയ ആദ്യത്തെ രാജ വംശം ഏതായിരുന്നു?

ഉത്തരം: രജപുത്ര വിഭാഗത്തിൽപ്പെട്ട തൊമര രാജാക്കൻമാർ

3. ഡൽഹി പിടിച്ചെടുത്ത് അധികാരം സ്ഥാപിച്ച ഗോറിലെ ഭരണാധികാരി ആരായിരുന്നു?

ഉത്തരം: മുഹമ്മദ് ഗോറി

4. 1206ൽ കുത്തുബുദ്ദീൻ ഐബക് ഡൽഹി കേന്ദ്രമായി സ്ഥാപിച്ച രാജവംശം ഏതായിരുന്നു?

ഉത്തരം: മംലൂക്ക് വശം (അടിമ വംശം)

5. വിജയനഗര സാമ്രാജ്യം സ്ഥാപിതമായ വർഷം?

ഉത്തരം: 1336

6. വിജയനഗരം സാമ്രാജ്യ സ്ഥാപകൻ?